# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3734 23/08/2017 ല്‍ മറുപടിക്ക്**

## പുതുസംരംഭകര്‍ക്കായി പദ്ധതികള്‍

**ചോദ്യം** | **ഉത്തരം**

**ശ്രീ.എം .സ്വരാജ്**

**ശ്രീ. എ.സി.മൊയ്തീന്‍**
**(വ്യവസായവും സ്പോര്‍ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ പുതുസംരംഭകര്‍ക്കായി വ്യവസായ വകുപ്പ് മുഖേന എന്തെല്ലാം പദ്ധതികള്‍ നടപ്പിലാക്കിവരുന്നു എന്ന് അറിയിക്കുമോ; | എ) | സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭകരുടെ ഉന്നമനത്തിനായി താഴെ പറയുന്ന പദ്ധതികള്‍ നടപ്പിലാക്കി വരുന്നു.<br>(1) **<u>സംരംഭകത്വ സഹായ പദ്ധതി</u>**<br>പൊതുവിഭാഗത്തില്‍പ്പെട്ട സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങള്‍ക്ക് സ്ഥിരമൂലധനനിക്ഷേപത്തിന്റെ 15% സഹായമായി നല്‍കുന്നു, പരാമാവധി 20 ലക്ഷം രൂപ. വനിതാ സംരംഭങ്ങള്‍ക്കും, പട്ടികജാതി, പട്ടികവര്‍ഗ്ഗ സംരംഭകര്‍ക്കും, യുവ സംരംഭങ്ങള്‍ക്കും സ്ഥിരമൂലധന നിക്ഷേപത്തിന്റെ 20% സാമ്പത്തിക സഹായം നല്‍കുന്നു. പരമാവധി 30 ലക്ഷം രൂപ.<br>2. മുന്‍ഗണനാ വിഭാഗത്തില്‍പ്പെട്ട സംരംഭങ്ങള്‍ക്ക് സ്ഥിരമൂലധനനിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ അധിക സാമ്പത്തിക സഹായം നല്‍കും.<br>3. ഇടുക്കി, വയനാട്, കാസര്‍ഗോഡ്, പത്തനംതിട്ട ജില്ലകളില്‍ ആരംഭിക്കുന്ന സംരംഭങ്ങള്‍ക്ക് സ്ഥിരമൂലധനനിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ അധിക സഹായം നല്‍കി വരുന്നു.<br>4. കേന്ദ്ര സംസ്ഥാന സര്‍ക്കാര്‍ അംഗീകൃത ഗവേഷണ സ്ഥാപനങ്ങളില്‍ നിന്നും ആധുനിക സാങ്കേതിക വിദ്യ സ്വന്തമാക്കി ആരംഭിക്കുന്ന സംരംഭങ്ങള്‍ക്കും 10% പരാമാവധി 10 ലക്ഷം അധിക സഹായം ലഭിക്കും.<br>(2) **<u>ഇ.ഡി.ക്ലബ്ബ്</u>**<br>യുവസംരംഭകരെ വളര്‍ത്തിയെടുക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിദ്യാഭ്യാസ സ്ഥാപനങ്ങളില്‍ സംരംഭകത്വ വികസന |

| | | | |
|---|---|---|---|
| | | | ക്ലബ്ബുകൾ (ഇ.ഡി.ക്ലബ്ബ്) പ്രവർത്തിച്ചു വരുന്നു. കേരള എന്റർപ്രണർഷിപ്പ് ഡവലപ്പ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (കീഡ്, കളമശ്ശേരി) വഴി ക്ലബ്ബ് അംഗ ങ്ങൾക്കും കോ-ഓർഡിനേറ്റർമാർക്കും പരിശീലന ശിൽപ്പശാലകൾ നടത്തിവരുന്നു. ഓരോ ജില്ല യിലും മികച്ചനിലയിൽ പ്രവർത്തിക്കുന്ന വൊക്കേ ഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ, പ്രൊഫ ഷണൽ കോളേജുകൾ, ആർട്സ് & സയൻസ് കോളേജുകൾ എന്നിവ കണ്ടെത്തി കലാലയ മേധാവിയുടെ മേൽനോട്ടത്തിൽ വ്യവസായ വിക സന ഓഫീസർ മുഖേനയാണ് ഇഡി ക്ലബ്ബുകൾ രൂപീകരിക്കുന്നത്. ഇഡി ക്ലബ്ബിന്റെ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.<br>• വ്യക്തിത്വ വികസനം.<br>• വിദ്യാർത്ഥികളിൽ സംരംഭകത്വ മനോഭാവം വളർത്തിയെടുക്കൽ.<br>• സ്വയം തൊഴിലിന്റെ മഹത്വം പകർന്ന് നൽകൽ.<br>• നൂതന വ്യവസായ മേഖലകൾ പരിചയപ്പെ ടുത്തൽ.<br>• വ്യവസായ രംഗത്ത് നവീന ആശയങ്ങൾ രൂപകൽപ്പന ചെയ്യൽ.<br>• അധ്വാനത്തിന്റെ മഹത്വം വിളംബരം ചെയ്യൽ.<br>• വ്യവസായ സ്ഥാപനങ്ങൾ സന്ദർശിക്കൽ.<br>**(3) ഇൻകുബേഷൻ സെന്ററുകൾ :**<br>വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജില്ലാ വ്യവസായകേന്ദ്രങ്ങൾ ബിസിനസ്സ് ഇൻകു ബേഷൻ സെന്ററുകൾ പ്രവർത്തനം ആരംഭിച്ചി ട്ടുണ്ട് . പുതിയ വ്യവസായ ആശയവുമായി മുന്നോട്ട് വരുന്ന സംരംഭകർക്ക് അവരുടെ ആശയം പ്രാവർത്തികമാക്കുന്നതിനുള്ള എല്ലാവിധ സഹായങ്ങളും നൽകി അവ യഥാർത്ഥ്യമാക്കുക എന്ന ലക്ഷ്യത്തോട് കൂടിയാണ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നത്.<br>**(4) ക്ലസ്റ്റർ ഡെവലപ്പ്മെന്റ് പ്രോഗ്രാം**<br>ഒരേ തരത്തിലുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയും ഒരു പ്രദേശത്ത് പ്രവർത്തിക്കുകയും ചെയ്യുന്ന വ്യവസായസംരംഭങ്ങൾക്ക് സഹായമാം വിധത്തിൽ MSE-CDP പദ്ധതി പ്രകാരം കോമൺ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിച്ച വരുന്നു.<br>**(5) ആഷ പദ്ധതി**<br>പരമ്പരാഗത കരകൗശല മേഖലയിലെ ആർട്ടിസാൻമാർക്ക് പുതു സംരംഭങ്ങളാരംഭിക്കുന്നതിന് മൂലധന സബ്സിഡി |

| | | | |
|---|---|---|---|
| | | | നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം കരകൗശല മേഖലയിൽ സ്വയം തൊഴിൽ കണ്ടെത്തുന്നതിനും സാമ്പത്തിക സഹായം നൽകി കരകൗശല തൊഴിലാളികളെ സ്വയം പര്യാപ്തമാക്കുവാൻ ലക്ഷ്യമിടുന്നു.<br>• ഈ പദ്ധതി സംസ്ഥാനത്തെ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന നടപ്പിലാക്കുന്നു.<br>• കരകൗശല സംരംഭം ആരംഭിക്കുന്നതിനുവേണ്ടി വരുന്ന സ്ഥിര നിക്ഷേപത്തിന്റെ 40% (പരമാവധി രണ്ട് ലക്ഷം രൂപ വരെ) ഒറ്റത്തവണ ഗ്രാന്റായി നൽകുന്നു .<br>• വനിതകൾ, പട്ടികജാതി/വർഗ്ഗ സംരംഭകർ, യുവാക്കൾ എന്നീ പ്രത്യേക വിഭാഗങ്ങൾ ആരംഭിക്കുന്ന കരകൗശല സംരംഭങ്ങളുടെ സ്ഥിര നിക്ഷേപത്തിന്റെ 50% (പരമാവധി മൂന്ന് ലക്ഷം രൂപ വരെ) ഒറ്റത്തവണ ഗ്രാന്റായി നൽകുന്നു.<br>• വർക്ക് ഷെഡ്ഡുകൾ നിർമ്മിക്കുക, ആധുനിക മെഷിനറികളും ഉപകരണങ്ങളും വാങ്ങുക, ടെക്നോളജി, ഡിസൈൻ എന്നിവ സ്വായത്തമാക്കുക തുടങ്ങിയ ആവശ്യങ്ങൾക്ക് സംരംഭകർ നടത്തുന്ന നിക്ഷേപം ഗ്രാന്റ് അനുവദിക്കുന്നതിന് പരിഗണിക്കുന്നു .<br>• ഈ സാമ്പത്തിക വർഷം 'ആഷ' പദ്ധതിയ്ക്കായി 30 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്<br>**(6) മറ്റു പദ്ധതികൾ**<br>ബോധവൽക്കരണ ക്ലാസുകൾ, സംരംഭകത്വ വികസന പരിശീലന പരിപാടികൾ, നിക്ഷേപകരുടെ മേളകൾ, MSME ഉൽപ്പന്ന വിപണന മേളകൾ, മെഷിനറി എക്സിബിഷൻ, ടെക്നോളജി ക്ലിനിക്കുകൾ, സ്കിൽ ഡെവലപ്പ്മെന്റ് പരിശീലനം, ഊർജ്ജിത വ്യവസായവൽക്കരണപദ്ധതി എന്നിവ ബ്ലോക്ക്, താലൂക്ക്, മുനിസിപ്പാലിറ്റി, ജില്ലാ തലങ്ങളിലായി നടത്തി വരുന്നു. കൂടാതെ ബിസിനസ് ടു ബിസിനസ് മീറ്റ്, സംസ്ഥാന തലത്തിൽ മെഷീനറി എക്സിബിഷൻ തുടങ്ങിയ പരിപാടികൾ വഴി സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വ്യവസായികൾക്ക് കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനും കേരളത്തിലെ ചെറുകിട വ്യവസായികൾക്ക് ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വിപണന അവസരങ്ങൾ കണ്ടെത്താനും സാധിച്ചിട്ടുണ്ട് |

| | | | |
|---|---|---|---|
| | | | കെ.ബിപ്പ് വഴി കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായികളുടെ വിപണി ലഭ്യമാക്കുന്നതിനായി കേരള ബിസിനസ്സ് ടു ബിസിനസ്സ് മീറ്റുകൾ, ദേശീയ അന്തർ ദേശീയ മേളകളിൽ പങ്കെടുപ്പിക്കൽ, തുടങ്ങിയ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു.<br>ഈ സാമ്പത്തിക വർഷം മുതൽ സംസ്ഥാനതലത്തിൽ കേരളത്തിന്റെ തനതു ഉല്പന്നങ്ങളുടെ പ്രദർശന - വിൽപ്പന മേള 'മാമാങ്കം' എന്ന പേരിൽ നടത്താൻ ഉദ്ദേശിക്കുന്നു. കൂടാതെ വ്യവസായ സ്ഥാപനങ്ങൾക്ക് ആവശ്യമായ തരത്തിൽ സാങ്കേതിക വിദ്യയും മറ്റും പ്രദാനം ചെയ്യുന്നതിന് കലാലയങ്ങളെയും ഗവേഷണ സ്ഥാപനങ്ങളെയും സജ്ജമാക്കുന്നതിനായി Industry Varsity Linkage പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. അതിനു പുറമേ വീടുകളോടനുബന്ധിച്ച് 5 എച്ച്.പി. വരെ വൈദ്യുതി ഉപയോഗിക്കുന്ന ചെറു സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി നാനോ ഗാർഹിക വ്യവസായ പദ്ധതി നടപ്പിലാക്കുന്നതിനും ഉദ്ദേശിക്കുന്നു. |
| ബി) | കൂടുതൽ പുതുസംരംഭകരെ കണ്ടെത്തുന്നതിനും അവർക്ക് വിദഗ്ധപരിശീലനം നൽകുന്നതിനും നടപടി സ്വീകരിക്കുമോ; എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ? | ബി) | കൂടുതൽ പുതുസംരംഭകരെ കണ്ടെത്തുന്നതിനും അവർക്ക് വിദഗ്ധ പരിശീലനം നൽകുന്നതിനുമായി എല്ലാ ജില്ലാകളിലും സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്ക്, സ്കിൽ ഡവലപ്പ്മെന്റ് പ്രോഗ്രാം, ബോധവൽക്കരണ ക്ലാസുകൾ തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുന്നു.<br>വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ യുവ സംരംഭകർക്ക് സംരംഭകത്വത്തെ പറ്റി അറിവ് നൽകുന്നതിനായി ഇഡി ക്ലബ്ബുകൾ നിലവിൽ പ്രവർത്തിച്ചുവരുന്നു.<br>വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും പ്രവർത്തിക്കുന്ന ഇൻകുബേഷൻ സെന്ററിന്റെ സഹായം പുതുസംരംഭകർക്ക് തേടാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**